Santhigiri

ഗുരുവാണി

" ആർഷമായി പരിചിന്തിക്കുമ്പോൾ ധർമ്മം അഞ്ച് പാർശ്വങ്ങൾ ഉള്ള പ്രകാശദീപ്തമായ ഒരു രത്നം പോലെയാണെന്ന് പറയാം. പിതൃധർമ്മം, ഗൃഹധർമ്മം, ദേവധർമ്മം, ദാനധർമ്മം,ആത്മധർമ്മം എന്നിവയാണ് ആ പാർശ്വങ്ങൾ."

# ഉണ്മനിതകം

VOL 04 | ISSUE 52 | 2018 ഡിസംബർ 16 | 1194 ധനു 01

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# പൂജിതപീഠം സമർപ്പണം 2019 പ്രചരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമത്തിലെ പൂജിതപീഠം സമർപ്പണം 2019 വാർഷികാഘോഷത്തോടനുബന്ധിച്ച് രണ്ട് മാസത്തിലേറെ നീണ്ടുനിൽക്കുന്ന പ്രചരണ പ്രവർത്തനങ്ങൾക്ക് ഡിസംബർ 9ന് തുടക്കം കുറിച്ചു. സംസ്ഥാനത്തെ വിവിധ ഏരിയകളിൽ അന്നേദിവസം പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടന്നു.



പൂജിതപീഠം സമർപ്പണം എറണാകുളം ഏരിയ പ്രചരണ പ്രവർത്തന ഉദ്ഘാടനം പി.റ്റി.തോമസ് എം.എൽ.എ. നിർവ്വഹിക്കുന്നു

എറണാകുളം ഏരിയയിലെ പൂജിതപീഠം സമർപ്പണം പ്രചരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പി.റ്റി.തോമസ് എം.എൽ.എ. നിർവ്വഹിച്ചു. സർവ്വാദരണീയ ജനനി വിജയ ജ്ഞാനതപസ്വിനി മീറ്റിംഗിൽ സംബന്ധിച്ചു.

നെടുമങ്ങാട് ഏരിയയിലെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മുൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് രമണി പി. നായർ നടത്തി. ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി അദ്ധ്യക്ഷനായിരുന്നു. തിരുവനന്തപുരം സിറ്റി ഏരിയയിലെ പരിപാടികളുടെ ഉദ്ഘാടനം കോർപ്പറേഷൻ കൗൺസിലർ കെ. സീലാസ് നിർവ്വഹിച്ചു. ഡോ.ടി.എസ്. സോമനാഥൻ മുഖ്യപ്രഭാഷണം നടത്തി.

നേമത്ത് നടന്ന പൂജിതപീഠം സമർപ്പണം സത്സംഗം ചലച്ചിത്ര ഛായാഗ്രാഹകൻ എസ്.കുമാർ ഉദ്ഘാടനം ചെയ്തു.ആറ്റിങ്ങൽ ഏരിയയിൽ ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും കൊല്ലത്ത് ആശ്രമം അഡ്വൈസറി കമ്മിറ്റി സീനിയർ ജനറൽ കൺവീനർ ഡോ.എസ്.എസ്. ഉണ്ണിയും ചേർത്തലയിൽ സബ്ജഡ്ജി എം. രമേശനും പ്രചരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

കണ്ണൂർ, തലശ്ശേരി ഏരിയകളിൽ നടക്കുന്ന പൂജിതപീഠം സമർപ്പണം സത്സംഗങ്ങളിൽ സർവ്വാദരണീയ ജനനി ദിവ്യ ജ്ഞാനതപസ്വിനി പങ്കെടുക്കുന്നു. ആദരണീയ സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വിയും സത്സംഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. കോഴിക്കോട് ഏരിയയിലെ പ്രചരണ പ്രവർത്തനങ്ങൾ കക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. കെ. ചോയിക്കുട്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സർവ്വാദരണീയ ജനനി പൂജ ജ്ഞാനതപസ്വിനി മഹനീയ സാന്നിധ്യമായി. കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി ഏരിയകളിൽ നടക്കുന്ന സത്സംഗങ്ങളിൽ ആദരണീയ ജനനിമാരായ പ്രാർത്ഥന ജ്ഞാനതപസ്വിനിയും മംഗള ജ്ഞാനതപസ്വിനിയും പങ്കെടുക്കുന്നു. വൈക്കം ഏരിയയിലെ പ്രചരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മുൻസിപ്പൽ ചെയർമാൻ പി.ശശിധരൻ ഇന്ന് നിർവ്വഹിക്കും.

പൂജിതപീഠം സമർപ്പണം വാർഷികത്തോടനുബന്ധിച്ച് സത്സംഗങ്ങൾ, യുവജന ക്യാമ്പുകൾ, ഏരിയ സമ്മേളനം,വിഭവസമാഹരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങി വിപുലമായ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

# ശാന്തിഗിരിയുടെ പ്രവർത്തനങ്ങൾ ജപ്പാനിലും

**ഒസാക്ക:** ജപ്പാനിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് നഗരങ്ങളിലൊന്നായ ഒസാക്കയിൽ ശാന്തിഗിരി ആശ്രമത്തിന്റെ പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ചു. കഴിഞ്ഞ 15 വർഷമായി ആശ്രമത്തിന്റെ അഭ്യുദയകാംക്ഷിയും 35 വർഷത്തോളം ജപ്പാനിൽ പ്രവർത്തനപരിചയമുള്ള 'ഗുരുസുബ്ര ആയുർവേദ' എം.ഡി. സുബ്രഹ്മണ്യന്റെയും പാർട്ണർ ഹോഷിയുടെയും നിരന്തരപരിശ്രമത്തിന്റെ ഫലമായാണ് ശാന്തിഗിരിയുടെ പ്രവർത്തനം ജപ്പാനിലേക്ക് വ്യാപിപ്പിക്കാൻ സാധിച്ചത്.

സാങ്കേതികമായി ലോകത്തിന്റെ നെറുകയിൽ നിൽക്കുന്ന ജപ്പാനിൽ കച്ചവടത്തിനായി ആയുർവേദവുമായി ചെന്നാൽ വിലയുണ്ടാവില്ല എന്ന തിരിച്ചറിവാണ് ശാന്തിഗിരിയുടെ ആത്മീയസംസ്കാരത്തിൽ അധിഷ്ഠിതമായ ഒരു സംരംഭമാണ് വേണ്ടത് എന്ന തീരുമാനത്തിൽ സുബ്രഹ്മണ്യനെയും ഹോഷിയേയും എത്തിച്ചത്. ഇവരുടെ അഭ്യർത്ഥന മാനിച്ച് ആശ്രമം ഡയറക്ടർ ബോർഡ് ജപ്പാൻ സന്ദർശിക്കുന്നതിന് ഇന്റർനാഷണൽ ഓപ്പറേഷൻസ് ഇൻചാർജ് ആദരണീയ സ്വാമി ജനനന്മ ജ്ഞാനതപസ്വിയെ ചുമതലപ്പെടുത്തി.



ജപ്പാനിലെ ഡോ.റീസെല്ല ക്ലിനിക്കുമായുള്ള ശാന്തിഗിരിയുടെ ധാരണാപത്രം സ്വാമി ജനനന്മ ജ്ഞാനതപസ്വി ഒപ്പുവെച്ചപ്പോൾ

ഡിസംബർ 7ന് ജപ്പാനിലെത്തിയ സ്വാമി അവിടെയുള്ള ഏറ്റവും പ്രശസ്തമായ പ്രകൃതിദത്ത ഉത്പന്ന നിർമ്മാതാക്കളും ചികിത്സാ സംരംഭകരുമായ ഡോ.റീസെല്ല ക്ലിനിക് സന്ദർശിക്കുകയും അവരുമായി ചേർന്ന് ശാന്തിഗിരിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ഡോ.റീസെല്ല ക്ലിനിക്കിന്റെ മൂവായിരത്തോളം വരുന്ന ഔട്ട്ലെറ്റുകളിലൂടെ ശാന്തിഗിരിയുടെ ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനുള്ള ധാരണാപത്രമാണ് ഒപ്പുവച്ചത്. ആശ്രമത്തെക്കുറിച്ചുള്ള ഒരു വിഷ്വൽ പ്രസന്റേഷനും സ്വാമി തദവസരത്തിൽ നടത്തി. ജപ്പാന്റെ പ്രശസ്ത ചരിത്രമന്ദിരമായ ഒസാക്ക കാസിലും സ്വാമി സന്ദർശിച്ചു.

സന്ദർശത്തിനിടെ ടോക്കിയോയിലെത്തിയ സ്വാമി അവിടുത്തെ 3 ബുദ്ധവിഹാരങ്ങളുടെ അധിപനും ജപ്പാനിലെയും ശ്രീലങ്കയിലെയും റിലീജിയൻ അംബാസഡറുമായ പെൽപല വിപാസി തെരയെ സന്ദർശിച്ചു. മുമ്പ് ആശ്രമം സന്ദർശിച്ചിരുന്ന പെൽപല സ്വാമിക്ക് ഊഷ്മള സ്വീകരണം നൽകുകയും ആശ്രമത്തിന്റെ ജപ്പാനിലുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും ഉറപ്പ് നൽകുകയും ചെയ്തു. കിയോട്ടോ നഗരം സന്ദർശിച്ചതിനുശേഷം ഡിസംബർ 12ന് സ്വാമി തിരികെ ഇന്ത്യയിലേക്ക് മടങ്ങി.

പൂജിതപീഠം സമർപ്പണാഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് ജപ്പാനിൽനിന്നുള്ള പ്രതിനിധികൾ എത്തിച്ചേരുമെന്ന് അറിയിച്ചിട്ടുണ്ട്.

# സ്വാമി വത്സലൻ ജ്ഞാനതപസ്വി എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു ഓർഗനൈസിംഗ് സെക്രട്ടറി

**സ്പിരിച്വൽ സോൺ:** ഡിസംബർ 10-ാം തീയതി ചേർന്ന ശാന്തിഗിരി ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ആദരണീയ സ്വാമി വത്സലൻ ജ്ഞാനതപസ്വിയെ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു ഓർഗനൈസിംഗ് സെക്രട്ടറിയായി നിയോഗിച്ചു. നേരത്തെ ജന്മഗൃഹത്തിലും ആശ്രമം കമ്മ്യൂണിക്കേഷൻസ്, പബ്ലിക് റിലേഷൻസ് തുടങ്ങിയ വിഭാഗങ്ങളിലും ചുമതല വഹിച്ചിട്ടുണ്ട്.



സ്വാമി വത്സലൻ ജ്ഞാനതപസ്വി

ഇടുക്കിയിൽ നിന്ന് തൃശ്ശൂരിലേക്ക് താമസം മാറി വന്ന ദിവംഗതരായ രാമകൃഷ്ണന്റേയും ലൈല രാമകൃഷ്ണന്റേയും മകനാണ് സ്വാമി വത്സലൻ ജ്ഞാനതപസ്വി. സഹോദരി ഐഷ രവീന്ദ്രൻ. എട്ടാംക്ലാസ്സ് മുതൽ ശാന്തിഗിരി വിദ്യാഭവനിലെ വിദ്യാർത്ഥിയായിരുന്നു. വിദ്യാഭ്യാസത്തിനുശേഷം ഏറെക്കാലം ശാന്തിഗിരി ഹെർബൽ സോപ്സിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2009 നവംബർ 24ന് ഗുരുവിൽ നിന്ന് സന്ന്യാസദീക്ഷ ലഭിച്ചു.

# ഗുരുവാണി

ചില നല്ലകാര്യങ്ങൾ ചെയ്യുന്നതോടൊപ്പം മറ്റു ചില കാര്യങ്ങളോടു കണ്ണടയ്ക്കുന്ന ഒരു സ്വഭാവം ഇവിടെ ചിലർക്കുണ്ട്. ഞാൻ കഷ്ടപ്പെട്ട് നിങ്ങൾക്കിത്രയൊക്കെ കഴിയാനാകും വിധം ചെയ്തിട്ടുണ്ട്. അതിനെ നശിപ്പിക്കരുത്. ചീത്തയാക്കാനെളുപ്പം കഴിയും. ഉണ്ടാക്കാൻ പ്രയാസമാണ്. കുറെ ആളുകളുടെ പ്രയത്നഫലമാണിതൊക്കെ. ഏതിനെയും നിസ്സാരമായിക്കണ്ട് പെരുമാറുന്നവർ ഇവിടെ നിൽക്കാൻ കൊള്ളുന്നവരല്ല. ഒരു ദിവസമേ ഇവിടെ നിൽക്കാൻ കഴിയുന്നുള്ളൂ എങ്കിലും നിങ്ങളുടെ വിയർപ്പിവിടെ വീഴണം. അത്ര തൂക്കത്തോളം നിങ്ങളുടെ കുറവ് അഴിഞ്ഞുപോകും. ഞാൻ പ്രവർത്തിക്കുന്നതു മാത്രമേ ശരിയാകൂ എന്ന ഭാവം ആർക്കും നല്ലതല്ല.

ഭക്തിയുള്ളവർ എവിടെ എന്തു നടന്നാലും അറിയും; ശ്രദ്ധയില്ലാത്ത ഭക്തികൊണ്ടുപയോഗമില്ല. ശ്രദ്ധാഭക്തികളോടും യോഗബലത്തോടും ചെയ്യണം. കഷ്ടപ്പെട്ട് (രോഗമുള്ളവർപോലും) ഇഞ്ചിഞ്ചായി മുറിഞ്ഞ് വേണ്ടത് ചെയ്തെടുക്കണം. ചിലർക്ക് സേവനമായി കൃഷിചെയ്യാം, ചിലർക്ക് ചെടികൾ കുഴിച്ച് വെയ്ക്കാം. സ്വന്തം കൃഷിയിൽ ഒരുഭാഗം കൊടുത്തും സേവനം ചെയ്യാം. ഇവിടെ നിന്ന് വേല ചെയ്യുന്നവർക്ക് ഒരു സ്ഥാനം കൊടുക്കണം. അതേ സമയം അവർ വേണ്ടത് വേണ്ടസമയത്ത് ചെയ്തെടുക്കണം. ഉതകി വരുന്ന ആ നല്ല സന്ദർഭം പിന്നെ ഉണ്ടായെന്നു വരുകയില്ല. ചെയ്യുന്നതിന്റേതായ ത്യാഗത്തെക്കുറിച്ച് നിങ്ങൾക്കുതോന്നിയാൽ അതിൽക്കവിഞ്ഞൊന്നും നേടാനില്ല. ത്യാഗത്തിന് ഒരിടത്തും കുനിയേണ്ടതില്ല. സകല യോഗ്യതയും ത്യാഗത്തിനടിമയാണ്. ഒരു വിശേഷവിധിയും സിദ്ധിയുമില്ലാതെ തന്നെ ത്യാഗിയുടെ വാക്കുകൾ ഹൃദയാനുഭൂതിയുണ്ടാക്കും. ഈ ധന്യത അന്ത്യംവരെ ഉതകാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. സഹജീവികളെ കളിയാക്കുക, നല്ലകാര്യം ചെയ്യുന്നവരോട് വിരോധിക്കുക ഇവ വർജിക്കണം. ആശ്രമ ജീവിതത്തിന് ഇതൊക്കെ വിരുദ്ധമാണ്.

കേരളത്തിനു പ്രധാനമായും രണ്ടുകുറവുകളുണ്ട്. കേരളത്തിന് വടക്കേഇന്ത്യയുടെ സ്വഭാവം ഉണ്ടാവുകയില്ല. കാരണം തെക്കെ ഇന്ത്യൻ രാജാക്കന്മാർ ദ്രാവിഡ സംസ്കാരത്തിൽപ്പെട്ട് ശൂദ്രരായി. തമിഴ് നാടാണെങ്കിൽ താഴെക്കിടയിലുള്ള ആരാധന സ്വീകരിച്ചു. ശാക്തേയത്തിനു പ്രാധാന്യം കൊടുത്ത് അവിടത്തെ പ്രബലമായ ജനങ്ങൾപോലും കെട്ടുപോയി. ഇതിൽ കുറെപ്പേർ ക്രിസ്ത്യാനികളായി. ക്രിസ്ത്യാനികൾ നല്ലതിനുപകരം ഇംഗ്ലീഷ് സംസ്കാരം ഇവിടെ പകർത്തി. അങ്ങനെ ഭാരതീയ സംസ്കാരത്തോടു ബന്ധമില്ലാത്ത ഒരു സംസ്കാരം തമിഴ്നാട്ടിലും കേരളത്തിലും വളർന്നു. ഏതു നിലയിലും താഴ്ത്തപ്പെട്ടവരാണ് ഇവിടുത്തെ രാജാക്കന്മാർ. താഴ്ത്തപ്പെട്ട രാജാക്കന്മാരുടെ പ്രജകളായ നമ്മളും സ്വാഭാവികമായി താഴ്ത്തപ്പെട്ടവരായി.

നാം നമ്മുടെ സംസ്കാരത്തിന്റെ ആഴത്തെപ്പറ്റി ചിന്തിക്കുന്നില്ല. വിനയമാണ് നമ്മുടെ സംസ്കാരത്തിന്റെ മുഖമുദ്ര. ഭാരതം പ്രകൃതിധന്യമാണ്. നമുക്കിവിടെ എല്ലാമുണ്ട്. നമ്മുടെ സാംസ്കാരികപൈതൃകത്തിന്റെ ആണിക്കല്ല് ഉപനിഷത്തും വേദവും പുരാണവുമാണ്. പക്ഷേ അറിവുണ്ടെന്നുഭാവിച്ച് മാറിനിന്നവരായതുകൊണ്ട് നമുക്കിതിന്റെ പൊരുളറിഞ്ഞുകൂടാ. ഇനി പഴയ നിലയെ ഉയർത്തിക്കൊണ്ടുവരാൻ ബുദ്ധിമുട്ടാണ്. ഇതു മനസ്സിലാക്കി ഇതിനൊരു പദ്ധതിതന്നെ ഉണ്ടാക്കിക്കൊണ്ടുവരണം.

ലോകത്തെ ഏതു സംഭവവും ഇവിടെ ഇരുന്നുകൊണ്ടു പറയാൻ കഴിയുന്ന കുട്ടികൾ നമുക്കിവിടെയുണ്ട്. ആ കഴിവ് ദൈവദത്തമായി അവർക്ക് കിട്ടിയതാണെന്നു പറഞ്ഞിട്ടു കാര്യമില്ല. ഈ അറിവ് മുന്നിൽ കൊണ്ടുവരാൻ കഴിയണമെങ്കിൽ അവരിതു മനസ്സിലാക്കി ജീവിക്കണം. ആരുടെ മുമ്പിലും നടുവ് വളയ്ക്കേണ്ട ഒരു ദോഷവും ദൈവം നമുക്ക് തന്നിട്ടില്ല. സത്യത്തോടു സ്നേഹിച്ചാൽ ഇതിൽക്കവിഞ്ഞൊരു നേട്ടവും വരാനില്ല. ശ്രദ്ധയും ഭക്തിയും യോഗബലവും കൊണ്ടുണ്ടാവുന്ന ഭാഗ്യം സൂക്ഷിച്ചെടുക്കേണ്ടതാണ്.

വൈരാഗ്യം, എന്തും ക്ഷമിക്കാനും സഹിക്കാനുമുള്ള കരുത്ത്, എല്ലാ വൈരാഗ്യങ്ങളും ഒന്നിനു വേണ്ടി അർപ്പിക്കാനുള്ള വിനയം ഇവ ഭൂഷണമായിരിക്കണം. ഈ സങ്കരകാലത്ത് നമുക്കു നല്ലതാകാൻ കഴിയും. കലി യാഥാർത്ഥ്യമാകുന്നതുവരെ പ്രയത്നിക്കേണ്ടതുണ്ട്. അതിന് ശ്രദ്ധ അത്യന്താപേക്ഷിതമാണ്. മുതലാളിമാരും മക്കളും ജീവിക്കുന്നതുപോലെ നമ്മൾ ഇവിടെ ജീവിച്ചുകൂടാ. അതിനു പ്രത്യേക ശ്രദ്ധ ആവശ്യമാണ്. മാതൃകാപരമായ ചിട്ടയിൽക്കൂടി ശുദ്ധിയെ വരുത്തിയെടുക്കണം.

## വചനദീപ്തി

*ബ്രഹ്മജ്ഞാനം വിലപിടിച്ച ഒരു വസ്തുവാണ്. തികച്ചും അർഹതയുണ്ടെന്ന് ബോധ്യം വന്ന ഒരാൾക്ക് മാത്രമേ അനുഭവരസികനായ ഗുരു അതിനെ കൊടുക്കുകയുള്ളൂ.*

**-യോഗവാസിഷ്ഠം-**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

21.12.2018 ജനസേവികപുരം

## പൗർണ്ണമി

2018 ഡിസംബർ 22, ശനി

## യാമപ്രാർത്ഥന

2018 ഡിസംബർ 20, വ്യാഴം 12.00 am – 03.00 am



# ഗുരു പകർന്നുതന്ന അറിവുകൾ

നമുക്ക് സ്വമേധയാ ഒരു ഭക്തി ഉണ്ടാവണം. എന്താണ് ഭക്തി? ഭക്തിക്ക് അനവധി ഭാവനകൾ വരും. അത് പലതായിട്ട് പറയുകയും ചെയ്യും. ആദ്യം നമ്മൾ ഒരു വസ്തുവിനെ കാണുന്നു. കാണുമ്പോൾ തന്റെ ഹൃദയഗ്രന്ഥിയിലേക്ക് വരുന്ന ആ അറിവിന്റെ ഭാഗത്തെ ആശ്രയിച്ചാണ്, ആ ഭക്തിയുടെ പൂർണ്ണരൂപം വളർന്ന് വലുതാകുന്നത്. ഭക്തി സ്നേഹമാണെങ്കിലും അനവധി ഭാവനയിലും രൂപത്തിലുമാണ് നാം പ്രവർത്തിച്ചൊതുക്കുന്നത്. ഭക്തി വന്നിട്ട് ചിലർ കഠോരമായിട്ട് പ്രവർത്തിക്കുന്നവരുണ്ട്. ചിലരതല്ല, എല്ലാറ്റിനെയും മിതമായി കാണുകയും ആ സ്നേഹരൂപത്തോടുകൂടി, കാരുണ്യവും സാന്ത്വനവും എന്ന ഭാഗത്ത് ഒതുങ്ങി നിന്ന് പ്രവർത്തിക്കുന്നു. അതാണ് 'സത്സംഗത്വേ നിസ്സംഗത്വം' എന്നു പറയുന്ന ശ്ലോകം. അവസാനം ജീവൻമുക്തിക്ക് കാരണമായ ആ രംഗത്ത് ആശ്രമത്തിലെ കുട്ടികളും ആശ്രമത്തിൽ പ്രവർത്തിക്കുന്നവരും വിശ്വാസികളെന്ന് ധരിക്കുന്നവരും ആരു തന്നെയാകട്ടെ, ആ നാലോ അഞ്ചോ ആറോ വരിയുള്ള ശ്ലോകത്തിൽ ഒതുങ്ങി നിൽക്കുന്ന അർത്ഥം മുൻപ് ആശ്രമത്തിൽ ഗുരു തന്നെ ചൊല്ലിയിട്ട് നമ്മെ പഠിപ്പിക്കുമായിരുന്നു. സ്നേഹബഹുമാനാദരവിന്റെ കാര്യങ്ങൾ ഒരു വ്യക്തിയോട് പെരുമാറുമ്പോൾ എപ്രകാരമായിരിക്കണമെന്ന് ഗുരു വ്യക്തമാക്കിത്തന്നിരിക്കുന്നു. ഒരാളിനോടെങ്ങനെ പെരുമാറണം, ഒരാളിനോടിങ്ങനെയേ സംസാരിക്കാവൂ, ഒരാളിനെ ഇങ്ങനെയേ നോക്കാവൂ എന്നൊക്കെയുള്ള കാര്യങ്ങൾ ഗുരു പറഞ്ഞുതരുമായിരുന്നു. നമ്മുടെ വയസിന് മൂത്തവരോട് എങ്ങനെ പെരുമാറണം. അവരോട് നാം എങ്ങനെ സഹകരിക്കണം, ചെറുപ്പത്തിലേ നമ്മുടെ കുട്ടികളെ എങ്ങനെ നമ്മൾ പഠിപ്പിക്കണം, ഇത്യാദി കാര്യങ്ങളും ഗുരു പറഞ്ഞു തന്നിട്ടുണ്ട്. ഇപ്പോൾ ബാഹ്യലോകം നോക്കുമ്പോൾ ബിസിനസും അതിന്റെ കൂടെ പൈസയും കൂടി കിട്ടിയാൽ എന്തെങ്കിലുമൊക്കെയാവും എന്ന് ധരിച്ചുപോവുന്ന വശത്ത് അച്ഛനും അമ്മയുമായിട്ട് ജീവിക്കുന്നവർ അതിന്റെയൊരു ഉപകരണമായിട്ടു മാറുകയാണ്. മനുഷ്യസ്നേഹം എവിടെ? എവിടെയാണ് ഈ കർമഗതി പൊട്ടുന്നത്? കർമഗതിയെന്താണ് എന്നു ചിന്തിക്കാൻ പോലുമുള്ള അറിവ് ഇവർക്ക് അറിവില്ലായ്മയായി വരുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ മനസിലാക്കിയിട്ട് എനിക്ക് എന്റെ കുട്ടികളെ വളർത്തുമ്പോൾ അതിനുണ്ടായിരിക്കേണ്ട ധർമങ്ങളെന്താണ്, അവരുടെ സമ്പത്തായിട്ട് തീരേണ്ടതെന്താണ് എന്നറിയണം. അവരുടെ സ്വഭാവത്തിൽ അധിഷ്ഠിതമായ രംഗം അവർക്കുകൂടി ജീവൻമുക്തിക്ക് കാരണമായിവരും. അതിനാണ് നമ്മൾ "ഗുരുപദാന്തേ ഭജിപ്പവന് മുക്തിക്ക് തക്കൊരുപദേശം തരും" എന്നു പറയുന്ന കാര്യം. പിന്നെ "കെട്ടുകളായതു കർമം പുരുഷന്, കെട്ടുകളറ്റേ മുക്തിവരൂ ദൃഢം" എന്നു പറയുന്നത്. നമ്മൾ ആശ്രമവുമായിട്ട് പ്രവർത്തിക്കുമ്പോൾ ഈ കർമം എങ്ങനെ ഫലിപ്പിക്കുന്നു, എങ്ങനെ തന്റെ മുന്നിൽവരുന്ന ചിന്താധാരയെ പ്രവർത്തിപ്പിക്കുന്നു. ഗുരുവിനോട് നമുക്ക് സ്നേഹമുണ്ട്. ഭക്തി അതിന്റെ സ്വഭാവത്തിൽ വരുത്തുന്നതെങ്ങനെയെന്നാണ്. ഒരു ഭക്തൻ ഗുരു പറഞ്ഞാൽ എല്ലാം സ്വീകരിക്കും.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** -അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# വിശ്വാസത്തിന്റെ ഉറപ്പ്

ദൈവസങ്കൽപത്തിൽ വിശ്വാസമെന്നുള്ള ഭാഗത്ത് ആദ്യം അറിയേണ്ടത് ഇന്ന് വിശ്വസിക്കേണ്ടതിനെത്തന്നെയാണോ നാം വിശ്വസിക്കുന്നത് എന്നതാണ്. അതു കഴിഞ്ഞാൽ പിന്നെ ആ വിശ്വാസത്തിന്റെ വലിപ്പം എത്രത്തോളമെന്നതാണ്. നല്ലതു ചെയ്താൽ നല്ലതു വരണം, കെട്ടതു ചെയ്താൽ കെട്ടതു വരണം, പ്രാർത്ഥിച്ചാൽ ഫലം കിട്ടണം. ഈ വിധത്തിൽ നമ്മുടെ മനസ്സിനെ വലയം ചെയ്തു നിൽക്കുന്ന ധാരണകളും ആഗ്രഹങ്ങളുമാണ് നമ്മെ ഭരിക്കുന്നത്. അങ്ങനെയുള്ള നമുക്ക് വളരെ വിശാലമായ കാഴ്ചപ്പാടിൽ ദൈവസ്നേഹത്തെ അറിയാനും അതിലുറച്ചുനിൽക്കാനും മാനുഷികമായ ഒരു പരിമിതിയുണ്ടെന്നതാണ് ശരി. കാരണം, കാലങ്ങളായി ഒരു പ്രത്യേക സങ്കൽപത്തിൽ ശക്തിയായി പ്രാർത്ഥിച്ചുവരുമ്പോൾ ഫലംകാണാതെ വരികയാണെങ്കിൽ ഉള്ളിന്റെയുള്ളിലെങ്കിലും ദൈവത്തോടു പരിഭവം തോന്നാത്ത, അത് പറയാത്ത വ്യക്തിത്വങ്ങൾ അപൂർവങ്ങളിൽ അപൂർവമായിട്ടുപോലും ഉണ്ടെന്ന് തോന്നുന്നില്ല. എന്നാൽ യഥാർത്ഥ വിശ്വാസി അതല്ല.

ആദിസങ്കൽപത്തിൽ ലയിക്കുന്നതിന് ഏകദേശം ഒരു മാസത്തിനുമുൻപ് സന്യാസി-സന്യാസിനി, ബ്രഹ്മചാരി-ബ്രഹ്മചാരിണി സംഘത്തെ ഗുരു അടുത്തുവിളിച്ചു. എന്തിനായിരിക്കും വിളിച്ചതെന്ന ചിന്തയിൽ നിൽക്കുമ്പോൾ ആരോടെന്നില്ലാതെ ഗുരു ഒരു ചോദ്യം ചോദിച്ചു. ഓലഷെഡ്ഡിലെ മുറിയിൽ ഗുരു കട്ടിലിൽ കിടക്കുകയാണ്. "എന്താണ് ഈ വിശ്വാസത്തിന്റെ ഉറപ്പ്?" - ഇതായിരുന്നു ചോദ്യം. ചോദ്യം കേട്ട് എല്ലാപേരും ഒന്നു പരുങ്ങി. ആശയം അടിസ്ഥാനപരമായി സംസാരിക്കാറുള്ള അനവധിപേർ സംഘത്തിലുണ്ടായിരുന്നെങ്കിലും ഗുരു പ്രതീക്ഷിക്കുന്ന ഉത്തരമെന്തായിരിക്കുമെന്നുള്ള ചിന്തയിൽ ആരുംതന്നെ മറുപടി പറഞ്ഞില്ല. മറുപടി പറയാനായി കുറെ സമയം ഗുരു നൽകി. പക്ഷേ ആർക്കും ഒന്നും പറയാൻ കഴിഞ്ഞില്ല. ഗുരു സകലരെയും മുറിയിൽ നിന്ന് പറഞ്ഞുവിട്ടു. മുറിക്കുള്ളിൽ ഗുരു മാത്രം! അതിനു ശേഷം വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം പ്രവർത്തകരായ കുറച്ചു വ്യക്തികളെ മാത്രം ഗുരു വിളിച്ച് സംസാരിച്ചു. അവരോടു പറഞ്ഞ കാര്യം ആശ്രമ അന്തേവാസികളെയും വിശ്വാസികളായ പരിസരവാസികളെയും മൊത്തം സഹകരണമന്ദിരത്തിൽ വിളിച്ചുകൂട്ടി സംസാരിക്കാൻ ഗുരു നിർദ്ദേശിച്ചു. അവർ ഗുരു അറിയിച്ച കാര്യം എല്ലാപേരോടുമായി സംസാരിച്ചു. അപ്പോഴാണ് വിശ്വാസമെന്താണെന്നും, എങ്ങനെയിരിക്കണമെന്നും എല്ലാവർക്കും ബോധ്യപ്പെട്ടത്. അതായത്, നാമെല്ലാം നല്ലതിനായി ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഫലം നല്ലതായാലും ചീത്തയായാലും രണ്ടുമല്ലെങ്കിലും നാം ആ വിശ്വാസത്തെ തള്ളിപ്പറയുമോ എന്നതാണ് വിഷയം.

ജീവിതത്തിൽ സുഖമായാലും ദുഃഖമായാലും സർവവും നഷ്ടപ്പെട്ടാലും വിശ്വസിക്കുന്ന വകയെ പൂർവാധികം ശക്തിയായി വിശ്വസിക്കുന്നവനാണ് യഥാർത്ഥ വിശ്വാസി. അതാണ് വിശ്വാസത്തിന്റെ ദൃഢതയെന്നാണ് ഗുരു നമ്മെ ബോധ്യപ്പെടുത്തിയിരിക്കുന്നത്. നാം ജനിച്ചിരിക്കുന്ന ഈ കാലത്തിനൊത്ത് ജീവിച്ചെടുക്കേണ്ട കർമധർമങ്ങളുടെ സത്യമായ അറിവ് എന്താണെന്ന് തേടി കണ്ടുപിടിച്ച് മുട്ടിത്തുറന്ന് മനസ്സിലാക്കിയെടുക്കുന്ന ഒരു വശമുണ്ട്. അത് അത്ര എളുപ്പമല്ല. എന്നാൽ പൂർണനായ ഒരു കാലാന്തരഗുരു വരുന്ന സമയത്ത് ഗുരുലാഭത്തിലൂടെ ഇത് സാധ്യമാകും. ലോകത്തേക്ക് ഇന്നോളം വന്നതിൽ ഏറ്റവും മഹത്തായ ഈ വിശ്വാസപ്രമാണത്തെ ഉലകത്തിന്റെ വകയാക്കി സൂക്ഷിക്കാൻ കഴിയണേയെന്ന പ്രാർത്ഥന നമുക്കൊരുമിച്ച് ഗുരുവിങ്കൽ സമർപ്പിക്കാം.

## വിവാഹിതരായി



ആറ്റിങ്ങൽ ആലംകോട് ശാന്തിമന്ദിരത്തിൽ എൻ.ബാബുവിന്റേയും ബി.ഗീതയുടേയും മകൻ ഗുരുദത്ത് ബി.യും ശാന്തിഗിരി സ്നേഹാലയത്തിൽ എൻ.സേതുഭായിയുടെ മകൾ റ്റി.എസ്. സ്നേഹവല്ലിയും ഡിസംബർ 12ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



ബംഗലൂരു നാഗസന്ദ്ര ഹൗസ് നമ്പർ 104ൽ ദിവംഗതനായ ആർ.ചന്ദ്രശേഖരന്റെയും ജി.ശ്യാമളയുടെയും മകൻ സി.വൈദ്യനാഥനും ശാന്തിഗിരി ജനസേവികപുരം ഗുരുദീപ്തത്തിൽ എം.പി.ശുഭാകരന്റെയും ദിവംഗതയായ റ്റി.വി. സതിമോളുടെയും മകൾ എം.എസ്. പത്മജയും ഡിസംബർ 12ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



പത്തനംതിട്ട ചുരളിക്കോട് വീട്ടിൽ സി.കെ.രാജേന്ദ്രന്റെയും വസുധയുടേയും മകൻ പ്രഭു സി.ആറും വയനാട് കേണിച്ചിറ നെട്ടനാനിക്കൽ വീട്ടിൽ എൻ.ശിവാനന്ദന്റെയും കെ.കെ.ബിസിനിയുടെയും മകൾ ഡോ. ഹരിപ്രിയ എസും ഡിസംബർ 12ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



കൊല്ലം മുണ്ടക്കൽ വിമൽ വിഹാറിൽ ജി.തുളസീധരന്റെയും കെ.പ്രസന്നകുമാരിയുടേയും മകൻ വിമൽ റ്റി.യും ആലപ്പുഴ കറ്റാനം ഭരണിക്കാവ് ഗുരുസ്മരണയിൽ വിഷ്ണുമോഹന്റേയും എസ്. സലീനയുടേയും മകൾ ആർഷ മോഹനും ഡിസംബർ 12ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

## ശാന്തിഗിരി വിദ്യാഭവനിൽ "ജി.കെ. ടൈം'

**എജ്യൂക്കേഷൻ സോൺ:** കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുന്നതിനു വേണ്ടി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 'ജി.കെ. ടൈം' ആരംഭിച്ചു. എല്ലാദിവസവും ഉച്ചയൂണ് സമയം കഴിഞ്ഞുള്ള 10 മിനിറ്റാണ് ഇതിനായി ഉപയോഗിക്കുന്നത്. ദിവസവും പൊതുവിജ്ഞാനം സംബന്ധിച്ച് 10 ചോദ്യങ്ങൾ നൽകുന്നു. അതോടൊപ്പം പത്രവായനയും ക്വിസ് പ്രോഗ്രാമും ഉണ്ടാകും.



ശാന്തിഗിരി മാതൃമണ്ഡലം പോത്തൻകോട് യൂണിറ്റ് പൊതുയോഗം

## യോഗ ക്ലാസ്സ് പുതിയ ബാച്ച് തുടങ്ങുന്നു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുടെ ആഭിമുഖ്യത്തിൽ പുതിയ ബാച്ച് പഠിതാക്കൾക്കുള്ള യോഗാപരിശീലനം ഡിസംബർ 17 മുതൽ ആരംഭിക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ക്ലാസ്സുകൾ സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും വൈകുന്നേരം 5.30 മുതൽ 6.30 വരെ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ആഡിറ്റോറിയത്തിൽ വച്ചാണ് ക്ലാസ്സ് നടക്കുന്നത്. വിവരങ്ങൾക്ക് 9249439022, 8111882440

## എൻ.എസ്.എസ്. സപ്തദിന ക്യാമ്പ്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ നാഷണൽ സർവീസ് സ്കീമിന്റെ ഈ വർഷത്തെ സപ്തദിന ക്യാമ്പ് 'ഒരുമ' ഡിസംബർ 22 മുതൽ 28 വരെ പോത്തൻകോട് നിസാമിയ പബ്ലിക് സ്കൂളിൽ വച്ച് നടത്താൻ തീരുമാനിച്ചു. 'ഹരിതം' എന്ന ആശയത്തെ മുൻനിർത്തിയാണ് ഈ വർഷത്തെ ക്യാമ്പ്. ഭവനസന്ദർശനം, ഫലവൃക്ഷത്തൈ വിതരണം, ജൈവകൃഷി, ലിംഗസമത്വം, വിവിധ ബോധവത്കരണ ക്ലാസ്സുകൾ, പൊതുസ്ഥലം മാലിന്യ വിമുക്തമാക്കൽ, കാർഷിക കുളം നിർമ്മാണം, വിദ്യാർത്ഥികളുടെ കലാപരിപാടികൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ക്യാമ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ക്യാമ്പിന്റെ ഉദ്ഘാടനം പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വേണുഗോപാലൻ നായർ നിർവഹിക്കും.

## ആശ്രമം സന്ദർശിച്ചു

**സ്പിരിച്വൽസോൺ:** പ്രശസ്ത വാഗ്മിയും ചാവക്കാട് മുതുവൽത്തൂർ ജുമാഅത്ത് ഇമാമുമായ സുലൈമാൻ അസ്ഹരി ഡിസംബർ 8ന് ആശ്രമം സന്ദർശിച്ചു. ജനറൽ അഡ്മിനിസ്ട്രേഷൻ സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് സീനിയർ മാനേജർ രാജീവ് ദേവരാജ്, ഓർഗനൈസിംഗ് സെക്രട്ടറിയുടെ ഓഫീസ് ഡെപ്യൂട്ടി മാനേജർ വിജയകുമാർ വി. എന്നിവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. പ്രാർത്ഥനാലയം, പർണ്ണശാല, സഹകരണമന്ദിരം എന്നിവിടങ്ങളിൽ സന്ദർശിച്ച ശേഷം അദ്ദേഹം ദർശനമന്ദിരത്തിലെത്തി അഭിവന്ദ്യശിഷ്യപൂജിതയെ ദർശിച്ചു. 2 മണിയോടെ ഇമാം തിരികെ മടങ്ങി.



നിത്യാനന്ദൻ.കെ-ഇന്ദിര ദേവി ബി ദമ്പതിമാർ പോത്തൻകോട് യൂണിറ്റിൽ നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടൽ കർമ്മം ഡിസംബർ 9ന് സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി നിർവഹിക്കുന്നു

## ദിവംഗതരായി



ഇന്ദിര സി.നായർ

**ജനസേവികപുരം:** ഗുരുതീർത്ഥത്തിൽ ദിവംഗതനായ ചന്ദ്രശേഖരൻ നായരുടെ ഭാര്യ ഇന്ദിര സി.നായർ (73) ഡിസംബർ 13ന് ദിവംഗതയായി. സംസ്കാരം നടന്നു.

മക്കൾ: അനിൽ കുമാർ സി. (ബി.എസ്.എഫ്), ശ്യാമ ജയലാൽ (പൂവ് ബേക്കറി). മരുമക്കൾ:ജയലാൽ ബി., ബീന അനിൽ.



എ.കെ. ഗോപാലകൃഷ്ണൻ

**കരുനാഗപ്പള്ളി:** കുലശേഖരപുരം ആദിനാട് തെക്ക് കോടേപള്ളിൽ എ.കെ. ഗോപാലകൃഷ്ണൻ (72) ഡിസംബർ 9ന് ദിവംഗതനായി. സംസ്കാരം നടന്നു. ദേശാഭിമാനി മുൻ സീനിയർ ന്യൂസ് എഡിറ്ററായിരുന്നു. ഭാര്യ സുധ. മക്കൾ:ആരോമൽ ജി.കൃഷ്ണൻ, അമൽ ജി. കൃഷ്ണൻ. മരുമക്കൾ: സജീന, സുനന്ദ.



സുമതി കുമാരൻ

**കോട്ടയം:** പാമ്പാടി കാവുള്ളാട്ട് ഹൗസിൽ കെ.പി.കുമാരന്റെ ഭാര്യ സുമതി (70) ഡിസംബർ 9ന് ദിവംഗതയായി. സംസ്കാരം നടന്നു. മക്കൾ: മോളമ്മ കെ.കെ., ബിജുമോൾ കെ.കെ., ബിജോയ് കെ.കെ., ബിനോയ് കെ.കെ., റിനോയ് കെ.കെ. മരുമക്കൾ: സതീഷ്, സാബു, സജി, മഞ്ജു, അഞ്ജന.



*അനർട്ട് ഡയറക്ടർ ഡോ. ആർ. ഹരികുമാറിന് സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി ഉപഹാരം നൽകുന്നു*

## ശാന്തിഗിരിയിൽ ഊർജ്ജദിനമാചരിച്ചു

**സ്പിരിച്വൽസോൺ:** ഓരോ വീടും സൗരോർജ്ജ ഉല്പാദനയൂണിറ്റുകളാകേണ്ടതിന്റെ ആവശ്യകതയിലൂന്നി ഡിസംബർ 15ന് ശാന്തിഗിരിയിൽ ഊർജ്ജ സംരക്ഷണദിനമാചരിച്ചു. ശാന്തിഗിരി ആശ്രമം ഊർജ്ജ പരിസ്ഥിതി ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ദിനാചരണം അനർട്ട് ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ എല്ലാക്കാലത്തും നമുക്ക് ഉപയോഗിക്കാനാവില്ല. ഫോസിൽ ഇന്ധനങ്ങളുടെ ലഭ്യതയും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ ഗുരുതരാവസ്ഥയിൽ നമുക്ക് കരണീയം സൗരോർജ്ജമാണ്. അതിനായി ഓരോ വീടുകളുടെ പുരപ്പുറവും സൗരോർജ്ജ ഉല്പാദന കേന്ദ്രങ്ങളാകണമെന്ന് അദ്ദേഹം പറഞ്ഞു. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത അദ്ധ്യക്ഷയായിരുന്നു. ആശ്രമത്തിലെ ഊർജ്ജസംരക്ഷണത്തെക്കുറിച്ച് ശാന്തിഗിരി എൻ.എൻ കമ്മ്യൂണിക്കേഷൻ തയ്യാറാക്കിയ ഡോക്യുമെന്ററിയുടെ പ്രകാശനം ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി നിർവഹിച്ചു. എനർജി മാനേജ്മെന്റ് സെന്റർ ഹെഡ് എ.എൻ.നാരായണൻ മുഖ്യപ്രഭാഷണം നടത്തി. സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി,ഐ.എസ്.ആർ.ഒ മുൻ ഉദ്യോഗസ്ഥൻ വിനോദ്കുമാർ, മാണിക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ജയൻ, പഞ്ചായത്തംഗം ആർ.സഹീറത്ത് ബീവി, എന്നിവർ സംബന്ധിച്ചു. ടി.കെ ഉണ്ണികൃഷ്ണപ്രസാദ് സ്വാഗതവും എം.പി.പ്രമോദ് നന്ദിയും പറഞ്ഞു. ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് കുട്ടികൾക്കായി നടത്തിയ പ്രശ്നോത്തരിയിൽ വിജയിച്ച കുട്ടികൾക്ക് ചടങ്ങിൽ വച്ച് സമ്മാനങ്ങൾ നൽകി.

## നിയമസഭ സമാജികർക്ക് മെഡിക്കൽ ക്യാമ്പ്

**തിരുവനന്തപുരം:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെയും പൂജപ്പുര പ്രാദേശിക സിദ്ധ ഗവേഷണ കേന്ദ്രത്തിന്റെയും വെള്ളയമ്പലം ശാന്തിഗിരി ആയുർവേദ & സിദ്ധ ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ നിയമസഭ സമാജികർക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുന്നു. ഡിസംബർ 19ന് രാവിലെ 9 മണി മുതൽ 12.30 വരെ നിയമസഭ മന്ദിരത്തിലെ ബാങ്കറ്റ് ഹാളിൽ വച്ച് നടക്കുന്ന ക്യാമ്പ് ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഉദ്ഘാടനം ചെയ്യും. അസ്ഥിബലക്ഷയ പരിശോധനയും ക്യാമ്പിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.




*സിദ്ധ ഏകദിന സെമിനാറിന്റെ ഉദ്ഘാടനം പ്രൊഫ.കെ.കനകവല്ലി. നിർവഹിക്കുന്നു*

## 'സിദ്ധക്ക് ദേശീയതലത്തിൽ ബോധവത്കരണം ആവശ്യം'

**പോത്തൻകോട് :**ഭാരതത്തിന്റെ തനതുചികിത്സാ വിഭാഗമായ സിദ്ധയുടെ ഗുണഫലങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനു ദേശീയതലത്തിൽ ബോധവത്കരണം ആവശ്യമാണെന്ന് സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ സിദ്ധ ഡയറക്ടർ ജനറൽ പ്രൊഫ .കെ.കനകവല്ലി. രാജ്യവ്യാപകമായി സിദ്ധയുടെ പ്രചരണത്തിന് ശാന്തിഗിരി നല്കുന്ന സംഭാവനകൾ മഹത്തരമാണ്. സിദ്ധദിനാചരണത്തിന് മുന്നോടിയായി തിരുവനന്തപുരം സിദ്ധ പ്രാദേശിക ഗവേഷണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രൊഫ.കെ.കനകവല്ലി.

സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. ഡോ.വി. അരുണാചലം,ഡോ.വി.ബി.വിജയകുമാർ, ഡോ.എ.വാസുകിദേവി, ഡോ.എ. കനഗരാജൻ, ഡോ.വി.ഗായത്രിദേവി എന്നിവർ പങ്കെടുത്തു.'സിദ്ധയിലെ അടിസ്ഥാന തത്വങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ രാജ്യത്തെ പ്രമുഖ സിദ്ധ ഡോക്ടർമാർ ക്ലാസ് നയിച്ചു.




*സിഗ്നേറ്ററി ക്യാമ്പയിൻ ഉദ്ഘാടനം പോത്തൻകോട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ എസ്. ഷാജി നിർവഹിക്കുന്നു*

## സിഗ്നേറ്ററി ക്യാമ്പയിൻ ശ്രദ്ധേയമായി

**എജ്യൂക്കേഷൻ സോൺ:** ഡിസംബർ 10 ലോകമനുഷ്യാവകാശ ദിനാചരണത്തിന്റെ ഭാഗമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ സംഘടിപ്പിച്ച സിഗ്നേറ്ററി ക്യാമ്പയിൻ ശ്രദ്ധേയമായി. പോത്തൻകോട് ബസ് സ്റ്റാൻഡിൽ വെച്ച് നടന്ന ക്യാമ്പയിന്റെ ഉദ്ഘാടനം പോത്തൻകോട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ എസ്. ഷാജി നിർവഹിച്ചു. പൊതുജനങ്ങളും പരിപാടിയിൽ പങ്കാളികളായി. മനുഷ്യാവകാശങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് പ്രതീകാത്മകമായി കൈയൊപ്പ് ശേഖരണം നടത്തി.

മനുഷ്യാവകാശസംരക്ഷണ പ്രതിജ്ഞ, വന്ദേമാതരം,ദൃശ്യാവിഷ്കാരം എന്നിവയും ക്യാമ്പയിന്റെ ഭാഗമായി നടന്നു.

## ജന്മഗൃഹ തീർത്ഥയാത്ര

**സ്പിരിച്വൽ സോൺ:** ജനുവരി 1ന് നടക്കുന്ന ജന്മഗൃഹ തീർത്ഥയാത്ര വാർഷികത്തിൽ പങ്കെടുക്കുന്നതിനായി ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പ്രത്യേക വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സീറ്റൊന്നിന് 400 രൂപ. പങ്കെടുക്കാൻ താത്പര്യമുള്ളവർ അതാത് യൂണിറ്റ് കോർഡിനേറ്റർമാർക്ക് പേര് നൽകേണ്ടതാണ്. വിവരങ്ങൾക്ക്: 8156871459

## ഫെസ്റ്റിവൽ ഓഫർ

**റിസർച്ച് സോൺ:** വിലക്കുറവിന്റെ ആഘോഷവുമായി ക്രിസ്തുമസ് പുതുവത്സരത്തിനൊരുങ്ങി ശാന്തിഗിരി ഷോപ്പിംഗ് മാൾ. ക്രിസ്തുമസ് കേക്കുകൾക്കായി പ്രത്യേക കൗണ്ടർ സജ്ജീകരിച്ചിട്ടുണ്ട്. കോട്ടൺസാരി ഉൾപ്പെടെയുള്ള വെള്ള വസ്ത്രങ്ങളുടെയും കുട്ടികളുടെ വസ്ത്രങ്ങളുടെയും സ്പെഷ്യൽ ഓഫർ കൗണ്ടർ ആരംഭിച്ചിരിക്കുന്നു. സ്റ്റീൽ പാത്രങ്ങൾ, കയർ, കുഷൻ മാറ്റുകൾ തുടങ്ങിയവയുടെ വിപുലമായ ശേഖരം ഷോപ്പിംഗ്മാളിൽ ഒരുക്കിയിരിക്കുന്നു.







Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala